**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5535** **03-11-2021 - ൽ മറുപടിയ്ക്ക്**

**ഹൗസ് സർജൻമാരുടെ സ്റ്റൈപ്പൻഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു.എ.ലത്തീഫ് | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ ഉത്തരവു പ്രകാരം മെഡിക്കൽ കോളജുകളിൽ ഹൗസ് സർജൻമാർക്ക് നൽകി വരുന്ന സ്റ്റൈപ്പൻഡ് തുക എത്രയാണെന്ന് അറിയിക്കാമോ; | (എ) | സർക്കാർ മെഡിക്കൽ കോളേജുകളിൽ ഹൗസ് സർജൻമാർക്ക് 26,000/-രൂപയാണ് സ്റ്റൈപ്പൻഡായി നൽകി വരുന്നത്. |
| (ബി) | സ്വകാര്യ മെഡിക്കൽ കോളേജുകളിൽ നൽകി വരുന്ന ഹൗസ് സർജൻമാരുടെ സ്റ്റൈപ്പൻഡ് തുക എത്രയാണ്; അറിയിക്കാമോ; | (ബി) | വിവരം ലഭ്യമല്ല. |
| (സി) | കോവിഡ് മഹാമാരി കാലത്ത് 24 മണിക്കൂറും ജോലി ചെയ്യുന്ന ഹൗസ് സർജൻമാരുടെ സ്റ്റൈപ്പൻഡ് പ്രശ്നം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (സി) | 2019-ൽ G.O(MS)No.101/2019/H&FWD തീയതി 08/07/2019 പ്രകാരം ഹൗസ് സർജൻമാർ ഉൾപ്പെടെ മെഡിക്കൽ/ഡെന്റൽ വിദ്യാർത്ഥികളുടെ സ്റ്റൈപ്പന്റ് വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ട്. 2020 ജൂലൈ മുതൽ സ്റ്റൈപ്പന്റിൽ 4% വർദ്ധനവ് വീണ്ടും നൽകിയിട്ടുണ്ട്. സർക്കാർ കോളേജുകളിലെ PG & UG ഇന്റേൺസിന് നൽകുന്ന സ്റ്റൈപ്പന്റിന് തുല്യമായി തന്നെ സ്വകാര്യ കോളേജുകളിലേയും PG & UG ഇന്റേൺസിന് സ്റ്റൈപ്പന്റ് നൽകണമെന്ന് കേരളാ ആരോഗ്യ സർവ്വകലാശാലയ്ക്ക് കീഴിൽ വരുന്ന എല്ലാ സ്വകാര്യ കോളേജുകളിലെയും പ്രിൻസിപ്പൽമാർക്ക് 22/01/2016-ലെ 938/AC-H/2016/KUHS നമ്പർ സർക്കുലർ പ്രകാരം കേരളാ യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസസ് രജിസ്ട്രാർ നിർദ്ദേശം നൽകിയിട്ടുണ്ട്. ടി നിർദ്ദേശം കർശനമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ ആരോഗ്യ സർവ്വകലാശാലയോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ഡി) | സംസ്ഥാനത്തെ ഹൗസ് സർജൻമാരുടെ സ്റ്റൈപ്പൻഡ് വർദ്ധിപ്പിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഡി) | 2019-ൽ G.O(MS)No.101/2019/H&FWD തീയതി 08/07/2019 പ്രകാരം ഹൗസ് സർജൻമാർ ഉൾപ്പെടെ മെഡിക്കൽ/ഡെന്റൽ വിദ്യാർത്ഥികളുടെ സ്റ്റൈപ്പന്റ് വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ട്. 2020 ജൂലൈ മുതൽ സ്റ്റൈപ്പന്റിൽ 4% വർദ്ധനവ് വീണ്ടും നൽകിയിട്ടുണ്ട്. സർക്കാർ കോളേജുകളിലെ PG & |

| | | | |
|---|---|---|---|
| | | | UG ഇന്റേൺസിന് നൽകുന്ന സ്റ്റൈപ്പന്റിന് തുല്യമായി തന്നെ സ്വകാര്യ കോളേജുകളിലേയും PG & UG ഇന്റേൺസിന് സ്റ്റൈപ്പന്റ് നൽകണമെന്ന് കേരളാ ആരോഗ്യ സർവ്വകലാശാലയ്ക്ക് കീഴിൽ വരുന്ന എല്ലാ സ്വകാര്യ കോളേജുകളിലെയും പ്രിൻസിപ്പൽമാർക്ക് 22/01/2016-ലെ 938/AC-H/2016/KUHS നമ്പർ സർക്കുലർ പ്രകാരം കേരളാ യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസസ് രജിസ്ട്രാർ നിർദ്ദേശം നൽകിയിട്ടുണ്ട്. ടി നിർദ്ദേശം കർശനമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ ആരോഗ്യ സർവ്വകലാശാലയോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ